**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Geromic George IAS)**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ചങ്ങനാശ്ശേരി നഗരസഭയിൽ ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിൽ സേവനമനുഷ്ടിക്കുന്ന ശ്രീ.ശ്രീകുമാർ എൻ ന് കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഉത്തരവ് നമ്പർ LSGD/PD/30030/2025-DEE3 തീയതി:22-02-2026

1) സർക്കാറിന്റെ 11.02.2025 ലെ സ.ഉ.(കൈ) 48/2025/LSGD നമ്പർ ഉത്തരവ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ(റൂറൽ) ടെ 27.09.2025 ലെ ഇതേ നമ്പർ ഉത്തരവ് നടപടികൾ
3) ശ്രീ.ശ്രീകുമാർ എൻ ന്റെ 16.12.2025, 02.02.2026 തീയതികളിലെ അപേക്ഷകൾ.
4) കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 05.01.2026 ലെ
5) LSGD/JD/KTM/3454/2025-A2 നമ്പർ കത്ത്
6) എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 19.01.2026 ലെ LSGD/JD/EKM/127/2026-D8 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് ലൈബ്രേറിയൻ ഗ്രേഡ് തസ്തികയിലെ 2025 വർഷത്തെ പൊതുസ്ഥലംമാറ്റം പരാമർശം (2) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. വിരമിക്കൽ, വകുപ്പ് വിട്ടുപോകൽ, മറ്റേതെങ്കിലും കാരണങ്ങൾ എന്നിവയാൽ എൻടി കേഡർ ഒഴികെയുള്ള എല്ലാ ഗ്രേഡുകളിലും ഉണ്ടാകുന്ന ഒഴിവുകൾ സ്ഥലംമാറ്റം വഴിയോ സ്ഥാനക്കയറ്റം വഴിയോ നികത്താവുന്നതാണെന്നും വിരമിക്കൽ, വകുപ്പ് വിട്ടുപോകൽ, സ്ഥാനക്കയറ്റം, മറ്റേതെങ്കിലും കാരണങ്ങൾ എന്നിവയാൽ എൻടി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ അതത് ജില്ലകളിലെ എൻടി കേഡർ തസ്തികകളിലെ പൊതുസ്ഥലംമാറ്റം വഴിയോ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള റിക്രൂട്ട്മെൻ്റ് വഴിയോ നികത്താവുന്നതാണെന്നുമുള്ള വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ കേഡർ പ്രമോഷൻ നിലവിലില്ലാത്ത ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻ്റ്, ലൈബ്രേറിയൻ, ഡ്രൈവർ എന്നീ തസ്തികകളിലെ പൊതു സ്ഥലംമാറ്റം എൻടി കേഡറിൽ ജില്ലാത്തലത്തിൽ മാത്രമായും മറ്റുള്ള വിവിധ ഗ്രേഡുകളെ ഒറ്റ കാറ്റഗറിയായി കണക്കാക്കി സംസ്ഥാന തലത്തിലും നടത്തേണ്ടതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ചങ്ങനാശ്ശേരി നഗരസഭയിൽ ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിൽ സേവനമനുഷ്ടിക്കുന്ന ശ്രീ.ശ്രീകുമാർ എൻ

തന്റെ മകളുടെ ചികിത്സാർത്ഥം കൊച്ചിനഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുള്ളതും ടി അപേക്ഷ പരാമർശം (4) പ്രകാരം കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളതുമാണ്. എറണാകുളം ജില്ലയിൽ ലൈബ്രേറിയൻ തസ്തികയിൽ എൻടി കേഡർ തസ്തികയിൽ മാത്രമേ ഒഴിവ് ഉള്ളൂ എന്നും ടി 6 ഒഴിവുകളിൽ 5 എണ്ണം പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും 1 ഒഴിവ് ബൈട്രാൻസ്ഫറിനായി മാറ്റി വച്ചിട്ടുള്ളതാണെന്നും പരാമർശം (5) പ്രകാരം എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി നഗരസഭയിൽ ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ശ്രീകുമാർ എൻ ന്റെ മകളുടെ ചികിത്സാർഥം കൊച്ചിനഗരസഭയിലെ ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ / ഓഫീസുകളിലെ നിയമനം 2026 ലെ പൊതുസ്ഥലംമാറ്റത്തിന് അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിലേക്കായി പുന:പരിശോധിക്കുന്നതായിരിക്കും. കൂടാതെ എറണാകുളം ജില്ലയിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ പി എസ് സി മുഖേന നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് എറണാകുളം ജില്ലയിൽ ഒഴിവില്ലാത്ത പക്ഷം ടിയാനെ മറ്റ് ജില്ലകളിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതാണ്. പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലംമാറ്റേണ്ടുന്നതായി കാണുന്ന പക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ബന്ധപ്പെട്ട നിയന്ത്രണാധികാരി പകരം ചുമതലാക്രമീകരണം ഏർപ്പെടുത്തി ടി ജീവനക്കാരനെ നിലവിലെ ഓഫീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ടിയാൻ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരം ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് കാര്യാലയങ്ങളിലും അറിയിക്കേണ്ടതുമാണ്.

ജീവനക്കാരുടെ വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നീ നടപടികൾ അതത് ഓഫീസ് മേധാവിമാർ ജനറൽ ട്രാൻസ്ഫർ വെബ്സൈറ്റ് മുഖാന്തിരം ഓൺലൈനായി മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ. ആയത് നടപ്പിലാക്കുന്നുവെന്ന് അതത് ജില്ലാ ജോയിന്റ്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

Geromic George IAS
PRINCIPAL DIRECTOR

പകർപ്പ് :
1. ബന്ധപ്പെട്ട ജീവനക്കാരന്(നിയന്ത്രണാധികാരി മുഖേന)
2. ജില്ലാ ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം, എറണാകുളം
3. സൂപ്രണ്ട്, ഐ.റ്റി സെൽ
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George
Date: 22-02-2026 21:38:52